# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 104 | 11/02/2016-ൽ മറുപടിയ്ക്ക്

## പൊതു വിദ്യാലയങ്ങളോടുള്ള സമീപനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള<br>,, റ്റി.എ.അഹമ്മദ് കബീർ<br>,, കെ.എൻ.എ.ഖാദർ<br>,, എൻ.എ.നെല്ലിക്കുന്ന് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിൽ നടപ്പുവർഷവും കുറവു വന്നതായുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 1-10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവു വന്നിട്ടുണ്ട്. എന്നാൽ ഹയർ സെക്കന്ററി/വെക്കേഷണൽ ഹയർ സെക്കന്ററി മേഖലയിൽ പൊതു വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവു വന്നിട്ടില്ല. |
| (ബി) എങ്കിൽ പാഠ്യപദ്ധതിയിലും അടിസ്ഥാന സൗകര്യങ്ങളിലും പരിഷ്കരണം നടത്തിയിട്ടും പൊതു വിദ്യാലയങ്ങളോടുള്ള സമീപനത്തിൽ അനുകൂല മാറ്റം വരാത്തതിന്റെ കാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) പുതുക്കിയ പാഠ്യപദ്ധതിയും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തിയപ്പോൾ വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിൽ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. രക്ഷിതാക്കൾക്ക് ഇംഗ്ലീഷ് മീഡിയം കേന്ദ്ര സിലബസുകളോടുമുള്ള അമിത താല്പര്യം പൊതു വിദ്യാലയങ്ങളോടുള്ള സമീപനത്തിൽ മാറ്റം വരാത്തതിന് കാരണമാകുന്നുണ്ട്. |
| (സി) പ്രസ്തുത സാഹചര്യത്തിൽ ഇനിയും എന്തൊക്കെ പരിഷ്കരണ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളുടെ സമ്പൂർണ്ണ വികസനം ലക്ഷ്യമിട്ട് കായികവും സമഗ്രവും, ഉള്ളടക്കം സംപുഷ്ടവുമായ പാഠപുസ്തകങ്ങളിലൂടെയും മേഖലയിലെ പുതുക്കിയ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് മികച്ച പരിശീലനം നൽകിയും വിദ്യാലയങ്ങളുടെ ഭൗതിക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പൊതു വിദ്യാഭ്യാസ മേഖല ആകർഷകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ വിദ്യാർത്ഥികളുടെ രക്ഷാകർത്താക്കളുമായി ബന്ധപ്പെടുന്ന തിന് എം.ഗവേണൻസ്, സംസ്ഥാന ആരോഗ്യ വകുപ്പുമായി ചേർന്ന് പെൺകുട്ടികൾക്കായി ഷി ക്യാമ്പുകൾ സംഘടിപ്പിക്കൽ, ഒന്നാംവർഷ വി.എച്ച്.എസ്.ഇ ക്ലാസ്സുകളിൽ കരിയർ സ്ലേറ്റ് സ്ഥാപിക്കൽ, കോഴ്സുമായി ബന്ധപ്പെട്ട് കമ്പനികൾ സന്ദർശിക്കൽ, വിവിധ കമ്പനികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും മേധാവികളു മായുള്ള മുഖാമുഖം പരിപാടി, സ്കൂൾതലത്തിൽ വിദ്യാർത്ഥികൾ ക്കായി വിദഗ്ധരെ ഉൾപ്പെടുത്തി ക്കൊണ്ടുള്ള ഗ്രൂപ്പ് കൗൺസിലിംഗ് തുടങ്ങിയ പ്രവർത്തങ്ങൾ 2015 - 2016 അദ്ധ്യയന വർഷത്തെ വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതിയിലൂടെ നടപ്പിലാ ക്കാൻ ഉദ്ദേശിക്കുന്നു.

Sreedevi

സെക്ഷൻ ഓഫീസർ